By fasc

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം-സിഡിഎൻ.4/151/2018/പൊഭവ

പൊതുഭരണ (ഏകോപനം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-11-2024

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ്- സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ , ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ അപ്ലിക്കേഷൻ മുഖേന പഞ്ചിംഗ് രേഖപ്പെടുത്തുന്ന സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ.(സാധ) നം.3253/2023/പൊഭവ തീയതി 14.07.2023

2) സ.ഉ.(സാധ) നം.3589/2024/പൊഭവ തീയതി 09.08.2024

3) സ.ഉ.(സാധ) നം.3899/2024/പൊഭവ തീയതി 02.09.2024

നിലവിലുള്ള ആധാർ അധിഷ്ഠിത അറ്റൻഡൻസ് പഞ്ചിംഗ് മെഷീനുകളിൽ സുരക്ഷാകാരണങ്ങളാൽ L0 സെൻസറുകൾ പ്രവർത്തനരഹിതമാവുകയാണെങ്കിൽ L1 സെൻസറുകൾ സ്ഥാപിക്കുന്നതുവരെയുള്ള കാലയളവിൽ സുഗമമായ അറ്റൻഡൻസ് പഞ്ചിംഗ് സംവിധാനം ഉറപ്പാക്കുന്നതിനായി ഒരു താത്ക്കാലിക സംവിധാനമെന്ന നിലയിൽ എൻ.ഐ.സി വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ അപ്ലിക്കേഷൻ മുഖേന പഞ്ചിംഗ് രേഖപ്പെടുത്തുന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ ആധാർ അധിഷ്ഠിത അറ്റൻഡൻസ് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ള ഓഫീസുകളിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനവും സംസ്ഥാന ഐ.റ്റി മിഷൻ മുഖേന നൽകിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ ഇതുവരെ സ്ഥാപിച്ച ആധാർ അധിഷ്ഠിത അറ്റൻഡൻസ് പഞ്ചിംഗ് മെഷീനുകൾ നിലച്ച സാഹചര്യത്തിൽ താത്ക്കാലിക സംവിധാനമെന്ന നിലയിൽ നടപ്പിലാക്കുന്ന എൻ.ഐ.സി വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ അപ്ലിക്കേഷൻ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയത് സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ക്രോഡീകരിച്ച് അതാത് വകുപ്പ് സെക്രട്ടറിമാർ പൊതുഭരണ(ഏകോപനം) വകുപ്പിൽ <u>ഒരാഴ്ചയ്ക്കകം</u> ലഭ്യമാക്കേണ്ടതാണ്. കളക്ടറേറ്റുകളിലെ പുരോഗതി റിപ്പോർട്ട് അതാത് ജില്ലാ കളക്ടർമാരും അടിയന്തരമായി പൊതുഭരണ(ഏകോപനം) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ അപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനോടൊപ്പം ഹാജർ ബുക്ക് മുഖേനയും ഹാജർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,

സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

സീനിയർ കൺസൾട്ടന്റ്, സ്റ്റേറ്റ് ഗവർണൻസ് മിഷൻ ടീം, കേരള സ്റ്റേറ്റ് എെ.റ്റി.മിഷൻ, വെള്ളയമ്പലം, തിരുവനന്തപുരം

മാനേജർ, സ്പാർക്ക്, പിഎം.യു ഓഫീസ്, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്‌സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം - 695 001

മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്, കരകുളം, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ